# Emulate the testimony of the people of faith

## (വിശ്വാസ വീരൻമാരുടെ സാക്ഷ്യം അനുകരിയ്ക്കുക)

പാലസ്തീനിലെ ഒട്ടധികം യഹൂദക്രിസ്ത്യാനികൾ യെഹൂദമതം വിട്ട് ക്രിസ്തു മാർഗ്ഗത്തിലേക്ക് വന്നതിനു ശേഷം വർദ്ദമാനമായ പീഢ അവർ അനുഭവിക്കേണ്ടതായി വന്നു. പീഢനത്തിൽ നിന്ന് രക്ഷപെടുവാൻ വേണ്ടി യെഹൂദമതത്തിലേക്ക് അവർ തിരികെ പോകാതിരിപ്പാൻ അപ്പോസ്തോലനായ പൗലോസ് അവരെ ധൈര്യപ്പെടുത്തുന്നതാണ്. എബ്രായലേഖനം. പഴയ നിയമ വിശ്വാസവീരൻമാരുടെ പട്ടികയും, അവരുടെ സാക്ഷ്യവും മുൻപോട്ടു പോകുവാൻ എബ്രായ ക്രിസ്ത്യാനികളെ മാത്രമല്ല നമ്മെയും സഹായിക്കുന്നു.

### യഥാർത്ഥ സാക്ഷ്യം എപ്രകാരമായിരിക്കണം

1. സാക്ഷ്യം സത്യമായിരിക്കണം. - (2 ശമു:7:20)
2. അറിയുന്നത് പ്രസ്താവിക്കുകയും , കണ്ടത് സാക്ഷീകരിക്കുകയും ചെയ്യണം.--(യോഹ:3:11)
3. നാം കണ്ടതും , കേട്ടതും , അനുഭവിച്ചതും ആരു വിലക്കിയാലും പറയാതിരിക്കരുത്. അത് മറ്റുള്ളവർക്ക് ധൈര്യം പകരും.

 - അ: പ്ര (4:20)

4. കേൾവിക്കാർ നമ്മുടെ സാക്ഷ്യം കേട്ട് ദൈവത്തെ മഹത്വപ്പെടുത്തണം.

- ലൂക്കോ:(5:26)

## നാം നോക്കേണ്ട വ്യക്തികളും അവരുടെ സാക്ഷ്യവും

ആദ്യമായി നാം നോക്കേണ്ട പ്രധാന വ്യക്തി വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവാണ് (എബ്രാ:12:2). യഹോവയുടെ വാക്കുകൾ സത്യമാകയാൽ അവന്റെ വാക്കുകൾ ശ്രദ്ധിക്കുന്നത്. നമ്മുടെ ഓട്ടത്തെ ശക്തിപ്പെടുത്തും. നമ്മുടെ പാപ, ശാപ, രോഗ ബന്ധനങ്ങൾ തകർക്കുവാൻ വേദന അനുഭവിച്ച യേശുവിന്റെ വാക്കുകൾ കേൾക്കാം.

"ഇവനിൽ ഒരു കുറ്റവും ഇല്ല എന്ന് അധികാരി അറിയിച്ചിട്ടും കൂടിയ ജനം എന്നെ ക്രൂശിക്കുവാൻ മുറവിളി കൂട്ടുകയായിരുന്നു. അവർ എന്റെ വസ്ത്രം അഴിച്ച് ചുവന്ന മേലങ്കി ധരിപ്പിച്ച് എന്റെ തലയിൽ മുൾകിരീടം  വച്ചു. ചമ്മട്ടികൊണ്ട് അടിക്കുകയും തുപ്പുകയും ചെയ്തു. മരക്കുരിശ് ചുമപ്പിച്ച് ഗോൽഗോഥായിലേക്ക് നടത്തുന്ന വഴിയിലും അടിയേൽക്കേണ്ടതായി വന്നു. ക്രൂശീകരണം നടന്നതിനുശേഷവും എന്നെ പരിഹസിച്ചവരേയും എന്റെ അവസ്ഥ ഓർത്ത് കരയുന്നവരേയും ഞാൻ കണ്ടു. എന്നാൽ ഈ അപമാനം അലക്ഷ്യമാക്കുവാൻ എനിക്കു കഴിഞ്ഞത് എന്റെ മുമ്പിലുള്ള വലിയ സന്തോഷം ഓർത്തതുകൊണ്ടാണ്. ദൈവസിംഹാസനത്തിന്റെ വലതുഭാഗത്തിരിപ്പാനുള്ള ഭാഗ്യാവസ്ഥ എന്റെ പിതാവ് എനിക്കു തന്നു."

അതുകൊണ്ട് നിങ്ങളും നിത്യത അവകാശമാക്കുവാനായി കഷ്ടത, നിന്ദ, പരിഹാസം, ഇവ ചപ്പ്, ചവറ് എന്നെണ്ണി നിങ്ങളുടെ മുമ്പിലുള്ള ഓട്ടം വിശ്വാസത്തോടെ , ധൈര്യത്തോടെ  ഓടുക.

സാക്ഷികളുടെ ഒരു വലിയ സമൂഹം നമ്മുടെ ഓട്ടക്കളത്തിലെ ഓട്ടം വീക്ഷിക്കുന്നുണ്ട്. അവരുടെ പേരുകൾ എബ്രാ:11ൽ രേഖപ്പെടുത്തിയിരിക്കുന്നു. അതേ ക്രമത്തിൽ അവരുടെ സാക്ഷ്യവും (അവരുടെ വാക്കുകളായി തന്നെ) നമുക്ക് ഒന്ന് ശ്രദ്ധിയ്ക്കാം. ഇവർ എല്ലാവരും അചഞ്ചല വിശ്വാസികൾ ആണെന്നുള്ളതിന്റെ തെളിവാണ് ഓരോരുത്തരുടെയും വിവരം പറയുന്നതിനു മുൻപേ 'വിശ്വാസത്താൽ" എന്ന് ആരംഭിച്ചിരിക്കുന്നത്.

**(1) ഹാബേൽ (ഉല്പ:4:1-11, എബ്രാ:11:4)**

ആദ്യ മാതാപിതാക്കളായ ഞങ്ങളുടെ രക്ഷകർത്താക്കൾ (ആദാം, ഹവ്വ) പാപം മൂലം ശാപത്തിനധീനരായ വിവരങ്ങൾ അവരുടെ സന്തതികളായ ഞങ്ങൾ (കായീനും, ഹാബേലും)കേട്ടാണ് വളർന്നത്. പാപത്തിലകപ്പെടും മുൻപേ അനുഭവിച്ച സ്വർഗ്ഗീയ സന്തോഷം നഷ്ടമായതോർത്ത് അവർ ദു:ഖിക്കുന്നതും ഞങ്ങൾ കണ്ടു. ശാപത്തിൽ നിന്ന് അവരെ വിടുവിക്കുവാൻ യഹോവ മൃഗത്തിന്റെ തോൽ അവർക്കു നൽകി. രക്തത്താൽ ഒരു വീണ്ടെടുപ്പ് അവിടെ നടന്നു . ഇത് കേട്ടു വളർന്ന ഞാൻ യാഗം കഴിച്ചത് മേദസ്സുള്ള ആട്ടിൻ കുട്ടിയെ ആകയാൽ യഹോവ എന്റെ യാഗത്തിൽ പ്രസാദിച്ചു, കൂടാതെ നീതിമാൻ എന്ന സാക്ഷ്യവും യഹോവ എനിക്ക് തന്നു. അന്ന് സാക്ഷ്യമില്ലാത്ത എന്റെ സഹോദരന്റെ കോപത്തിന്റെ തീവ്രത ഞാൻ കണ്ടു. സാക്ഷ്യമില്ലാത്ത ഈ സഹോദരൻ വിളിച്ചപ്പോൾ അവന്റെ കൂടെ വയലിൽ പോയി എന്നൊരബദ്ധം ഞാൻ ചെയ്തതു മൂലം എനിക്ക് ജീവൻ നഷ്ടമായി.

പ്രിയരേ! ഈ ഓട്ടക്കളത്തിലെ ഓട്ടം സ്ഥിരതയോടെ പോകണമെങ്കിൽ സാക്ഷ്യമില്ലാത്തവരുമായുള്ള കൂട്ട് ഉപേക്ഷിക്കുന്നതാണ് നല്ലത് സമയം, പണം, ആരോഗ്യം, ബുദ്ധി ഇവയൊന്നും അവരുമായി പങ്കിടരുത്. അവന്റെ വയൽ നിങ്ങൾക്ക് മരണകാരണമാകുന്നതിനാൽ ഉപേക്ഷിക്കുകയാണ് നല്ലത്.

**ഹാനോക്ക് (എബ്രാ: 11:5-6) (ഉല്പ:5:21-24)**

എനിക്ക് ദൈവം തന്ന ആയുസ്സ് '365' വർഷമാണ് അതിൽ 300 വർഷവും ഞാൻ അവനോടൊപ്പം നടന്നു എന്നത് ഒരു വലിയ അനുഭവമാണ്. "രണ്ടുപേർ ഒത്തിട്ടല്ലാതെ ഒന്നിച്ചു നടപ്പാൻ സാധ്യമല്ല" എന്ന് വചനം പറയുന്നത് സത്യമായും ഞാൻ അനുഭവിച്ചു. അവന്റെ കൂടെ നടന്ന ഞാൻ ഒരിക്കൽ അവനോടൊപ്പം നടന്ന് അവനൊരുക്കിയ ഇടത്തേക്ക് എത്തുകയായിരുന്നു. ആ സമയം സന്തോഷകരമായിരുന്നു എന്റെ കൂടെ നടന്ന യഹോവയെ ഞാൻ പൂർണ്ണമായി വിശ്വസിച്ചു.

നന്മ ചെയ്യുവാനും കൂട്ടായ്മകാണിപ്പാനും മറക്കരുത്, ഈ വക യാഗത്തിലല്ലോ യഹോവ പ്രസാദിക്കുന്നത് എന്ന് എബ്രാ:13:16 ലും, വിശ്വാസം കൂടാതെ യഹോവയെ പ്രസാദിപ്പിപ്പാൻ ആർക്കും കഴിയുകയില്ല എന്നും വചനം പറയുന്നു. അതിനാൽ യഹോവയോട് കൂടെ നടക്കുക സാക്ഷികളുടെ വലിയ സമൂഹം നമ്മെ നോക്കുന്നു. അവരോടൊപ്പം ചെന്നെത്തുവാൻ നമ്മുടെ ഓട്ടം സ്ഥിരതയോടെ ആക്കുവാൻ ഹാനോക്കിന്റെ സാക്ഷ്യം നമ്മെ സഹായിക്കട്ടെ.

**(3) നോഹ -ഉല്പ :(5:25-29). ഉല്പ :6 എബ്രാ:(11:7)**

ഏറ്റവും മനോഹരമായതും, പുതിയനിയമ ക്രിസ്ത്യാനികൾ സ്വീകരിക്കേണ്ടതും അതേ സമയം തന്നെ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതുമായ സാക്ഷ്യമാണ് നോഹയപ്പൂപ്പൻ നമുക്ക് തന്നത്.

"യഹോവ ശപിച്ച ഭൂമിയിൽ നമ്മുടെ പ്രവർത്തിയിലും, കൈയുടെ പ്രയത്നത്തിലും ഇവൻ നമ്മെ ആശ്വസിപ്പിക്കുമെന്ന്" പറഞ്ഞ് എന്റെ പിതാവായ ലാമെക്ക് എനിക്ക് 'നോഹ' എന്നു പേരിട്ടു. (ഉല്പ:5:28) എന്റെ വല്ല്യപ്പച്ചൻ മെഥൂശലഹ്, നീതിമാനും, യഹോവയാൽ എടുക്കപ്പെട്ടവനുമായ തന്റെ പിതാവ് ഹാനോക്കിനെപ്പറ്റി പറഞ്ഞ കാര്യങ്ങൾ കേട്ട് ഞാനും നീതിമാനായി ജീവിയ്ക്കുവാൻ ശ്രമിച്ചു.

വഷളായ ഭൂമിയെയും, ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായിപ്പോഴും ദോഷമുള്ളതുമായ മനുഷ്യരെ നശിപ്പിക്കുവാൻ തീരുമാനിച്ചപ്പോഴും എനിക്ക് യഹോവയുടെ കൃപ ലഭിച്ചു. എപ്പോഴും ഒരു ശേഷിപ്പിനെ നീക്കി വയ്ക്കുന്ന ദൈവം പെട്ടകം തീർത്ത് രക്ഷപെടേണ്ടവരെ രക്ഷിപ്പാൻ യഹോവ എന്നോട് ആവശ്യപ്പെട്ടു. മഴയും ജലപ്രളയവും അറിയുവാൻ പാടില്ലാത്ത കാര്യമായിട്ടും ഞാൻ ചോദ്യം ചെയ്തില്ല. പെട്ടക നിർമ്മാണത്തിനുള്ള വൈദഗ്ദ്യം ഇല്ലാഞ്ഞിട്ടും യഹോവയുടെ കൃപയാൽ പൂർത്തിയാക്കി. ജലപ്രളയത്താലുള്ള ന്യായവിധിയെപ്പറ്റി മുന്നറിയിപ്പ് നൽകിയിട്ടും രക്ഷയ്ക്കായി പെട്ടകത്തിൽ കയറുവാൻ ആഹ്വാനം നൽകിയിട്ടും അനുസരിക്കാതെ പരിഹസിച്ചവരും, ഒരു കുടുംബത്തിന്റെ വിവേകമില്ലായ്മ കണ്ട് , കുറ്റം പറഞ്ഞവരും ആരും പെട്ടകത്തിൽ

കയറിയില്ല. മൂക്കിൽ ജീവശ്വാസമുള്ളതെല്ലാം ചത്തു. വെള്ളം '150' ദിവസം ഭൂമിയിൽ പൊങ്ങിക്കൊണ്ടിരുന്നു. യഹോവ ഓർത്തതിനാൽ പെട്ടകത്തിൽ കയറിയവരെ അവൻ രക്ഷിച്ചു അനുസരിക്കാത്തവരുടെ അന്ത്യം കണ്ട് യഹോവ ദു:ഖിച്ചു. പ്രീയമുള്ളവരേ! ഈ ഭൂമിയിൽ നശിക്കാതെ യഹോവയുടെ കൃപ ലഭിക്കുവാൻ തക്കവണ്ണം അവന്റെ വാക്കനുസരിക്കുക. വചനത്തിലൂടെ തരുന്ന മുന്നറിയിപ്പുകൾ അവഗണിച്ച് തീയ്ക്കായി ചരതിച്ചു വച്ച ഭൂമിയിൽ തീരാതെ ഓട്ടം പൂർത്തിയാക്കുവാൻ എന്റെ സാക്ഷ്യം നിങ്ങളെ സഹായിക്കട്ടെ.

**(4) അബ്രഹാം - എബ്രാ:(11:8),(11-12),(17-19), ഉല്പ:(12:1-9)**

യഹോവ, അബ്രഹാമായി മാറ്റിയ എന്നെ വിളിയ്ക്കുമ്പോൾ ഞാൻ ഭൂമിയിൽ അന്യനും പരദേശിയുമാകേണ്ടതിന് സ്വന്തദേശക്കാരിൽ നിന്നും, ചാർച്ചക്കാരിൽ നിന്നും, പിതൃഭവനത്തിൽ നിന്നും ഉള്ള ഒരു വേർപാട് ആവശ്യപ്പെട്ടു. എന്നാൽ പുറപ്പെട്ടപ്പോൾ വിളിയില്ലാത്ത ലോത്തിനേയും . സർവ്വസമ്പത്തിനേയും മാത്രമല്ല സൃഷ്ടിയെ ആരാധിച്ച കാലത്ത് ഹാരാനിലുള്ള ആളുകളേയും യാത്രയിൽ കൂട്ടി എന്നത് വലിയ ഒരു തെറ്റായിരുന്നു എന്ന് ഞാൻ പിന്നീട് മനസ്സിലാക്കി. അനേക വാഗ്ദത്തങ്ങൾ അവൻ എനിക്കു നൽകി. വിശ്വാസത്താൽ മാത്രമേ വാഗദത്തം പ്രാപിക്കുവാൻ കഴിയുകയുള്ളൂ.

വാഗ്ദത്ത ദേശവും, വാഗ്ദത്ത സന്തതിയേയും എനിക്ക് തന്ന് അനുഗ്രഹിച്ചു. എന്നാൽ തന്ന യഹോവ തന്നെ വാഗ്ദത്ത സന്തതിയെ യാഗമർപ്പിക്കുവാനും ആവശ്യപ്പെട്ടു. ഞാൻ അനുസരിക്കുവാൻ തയ്യാറായതിനാൽ യിസഹാക്ക് എന്ന വാഗ്ദത്ത സന്തതിയെ

മടക്കിത്തരുകയും, യാഗമൃഗത്തെ കാണിച്ചു തരുകയും ചെയ്തു യഹോവ കരുതുന്നവൻ എന്ന് ഞാൻ മനസ്സിലാക്കി. ഞാൻ യാഗപീഠം ഒരുക്കിയപ്പോൾ യഹോവയുടെ നാമത്തിലാണ് ആരാധിച്ചത്. എന്നാൽ ഭാര്യയുടെ വാക്ക് കേട്ട്, യഹോവയുടെ അനുവാദമില്ലാതെ ചെയ്ത പ്രവർത്തിയുടെ ഫലമായി കുടുംബ ജീവിത സമാധാനം തകർന്നു പോയി.

പ്രീയരേ ! ദേവപുര വാസികളോടൊപ്പം എത്തുവാൻ ആഗ്രഹിക്കുന്ന നിങ്ങൾ വേർപാടിനായി വിട്ട് പുറപ്പെടുകയാണ് വേണ്ടത്. ദൈവീക നിർദ്ദേശം ചോദിച്ചശേഷം പ്രവർത്തിക്കുക. അവനെ പൂർണ്ണമായി അനുസരിച്ച് മുമ്പോട്ട് പോകുവാൻ ഇടയാകട്ടെ

തുടരും.........................................................